കെ. എസ്. ആർ. ടി. സി. ബസ്സുകൾ

298 [325] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലിപ്പോൾ എത്ര ബസ്സുകൾ ഉണ്ട്;

(ബി) അതിൽ 10 വർഷത്തിലേറെ പഴക്കമുള്ള ബസ്സുകൾ എത്ര?

ഉത്തരം

(എ) 3013 എണ്ണം

(ബി) 736 എണ്ണം

കെ. എസ്. ആർ. ടി. സി. യുടെ ഒരു ദിവസത്തെ ഷെഡ്യൂളുകൾ

299 [326] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഒരു ദിവസത്തിൽ എത്ര കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

3102 ഷെഡ്യൂളുകൾ.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനത്തെപ്പറ്റി പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം

300 [327] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ചെലവു വരുന്ന പരിപാടികളൊന്നും എടുക്കരുതെന്ന് പ്ലാനിംഗ് കമ്മീഷൻ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടോ;

(ബി) ചാർജ് വർദ്ധിപ്പിക്കാൻ പ്ലാനിംഗ് കമ്മീഷൻ കോർപ്പറേഷനോടാവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഇല്ല

കെ. എസ്. ആർ. ടി. സി. യിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

301 [328] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന റിസർവ്വ് കണ്ടക്ടർമാരായി 1985-ൽ പി. എസ്. സി. അഡൈ്വസ് ചെയ്തവർക്ക് ഇതുവരെയും നിയമനം നൽകിയിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly